**GAZETTE DATE : 28.02.2026**
**LAST DATE : 01.04.2026**

# CATEGORY NO: 05/2026 - 12/2026

## SECOND NCA NOTIFICATION

Applications are invited online only from qualified candidates belonging to **SIUC Nadar, Ezhava/Thiyya/Billava, Scheduled Tribe, Muslim, Dheevara, OBC, Latin Catholics/Anglo Indian, Viswakarma** communities in Kerala for selection to the following post. Applications must be submitted online through the official website of the Commission after 'ONE TIME REGISTRATION'. Candidates who have already registered can apply through their Profile.

1. **Name of firm** : **Kerala State Financial Enterprises Limited**
2. **Name of Post** : **Peon/Watchman** (Direct Recruitment from among the Part-Time employees in KSFE Limited)
3. **Scale of pay** : **₹ 24,500 – 42,900/-**
4. **No. of vacancies** : **11 (Eleven)**

| Category No. | Community | No. of Vacancies |
|---|---|---|
| 05/2026 | SIUC Nadar | 1 |
| 06/2026 | Ezhava/Thiyya/Billava | 2 |
| 07/2026 | Scheduled Tribe | 2 |
| 08/2026 | Muslim | 2 |
| 09/2026 | Dheevara | 1 |
| 10/2026 | OBC | 1 |
| 11/2026 | Latin Catholics/Anglo Indian | 1 |
| 12/2026 | Viswakarma | 1 |

Note:- 1) The above vacancies are now in existence. The Ranked List published as per this notification will be valid until candidates are advised and appointed against the vacancies earmarked for the above communities but remains unfilled due to the paucity of candidates belonging to SIUC Nadar, Ezhava/Thiyya/Billava, Scheduled Tribe, Muslim, Dheevara, OBC, Latin Catholics/Anglo Indian and Viswakarma community during the currency of the mother Ranked List published on 29.06.2024 (Category No. 059/2023) for the post. This is the Second NCA Notification published due to the non avalilability of candidates as per the notification in the Gazette dated 30.05.2023 (Category No.059/2023) and First NCA Notification in the Gazette dated 30.04.2025 (Category Nos. 047/2025 (SIUC Nadar), 048/2025 (Ezhava/Thiyya/Billava), 049/2025 (Scheduled Tribe), 050/2025 (Muslim), 051/2025 (Dheevara), 052/2025 (OBC), 053/2025 (Latin Catholics/Anglo Indian) & 054/2025 (Viswakarma)).

2) The Kerala Public Service Commission shall have the power to cancel the advice for appointment of any candidate to the above post, if it is subsequently found that such advice was made under some mistake. On such cancellation the appointing authority shall terminate the service of the candidate, provided that, the cancellation of advice for appointment by the Commission and subsequent termination of service of the candidate by the appointing authority shall be made within the period of probation or 240 days from the date of joining duty whichever is earlier.

**5. Method of appointment** : Direct Recruitment (From among employees working in the category of Part Time Sweeper cum Scavenger, Packer, Despatcher, Gardener in the KSFE Limited having not less than 3 years of service and belonging to **SIUC Nadar, Ezhava/Thiyya/Billava, Scheduled Tribe, Muslim, Dheevara, OBC, Latin Catholics/Anglo Indian and Viswakarma** community only)

Note :-

1) Application submitted by candidates other than from SIUC Nadar, Ezhava/Thiyya/Billava, Scheduled Tribe, Muslim, Dheevara, OBC, Latin Catholics/Anglo Indian and Viswakarma will be summarily rejected. No rejection memo will be issued to these candidates.

2) If no qualified hands are available from among Part-Time Sweeper cum Scavenger, Packer, Despatcher, Gardener for appointment, these vacancies will also be filled up by open market candidates.

3) Rules of reservation will be followed for recruitment to the post viz. from Part-Time employees of the company.

**6. Age** : 18-50 (born between 02.01.1976 and 01.01.2008) (both dates included). (Other conditions regarding the age relaxation are not applicable).

**7. Qualifications** :

1. Pass in Standard VI (New) or equivalent.
2. Not less than 3 years service in the company as on the date of application.

   [KSFE recruitment rules amendment with ref: no.4333 dated 23/03/1992.]

Note:- (1) Rule 10(a) ii of Part II of KS&SSR is applicable.

(2) "In addition to the qualifications prescribed in this notification, the qualification recognized by executive orders or standing orders of Government as equivalent to a qualification specified for the post in the Recruitment Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualification which pre-suppose the aquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent / higher qualifications shall be produced as and when required by the Commission"

**Service Certificate must be produced in the following format.**

**<u>SERVICE CERTIFICATE</u>**

| | | | |
|---|---|---|---|
| 1. | Name of Candidate | : | |
| 2. | Name of the post now held by the applicant with scale of pay | : | |
| 3. | Name of the KSFE Branch in which the applicant is currently employed | : | |
| 4. | Name of service to which the applicant belongs | : | |
| 5. | Date of commencement of service | : | |
| 6. | Service Particulars | : | |

| Sl.No. | Name of Post held | Period | | Length of Service | | |
|---|---|---|---|---|---|---|
| | | From | To | Year | Month | Days |
| | | | | | | |
| Total Service | | | | | | |

Certified that the above details in respect of Sri./Smt……………………………………has been verified by me with the service particulars as given in the service book and they are found correct.

Signature,
Name & Designation of the Head of Office

Place :
Date :

(Office Seal)

**8. Probation:** Any person appointed to this post shall be on probation for a period of one year from the date of his joining duty.

**9. Mode of submitting application :-**

a) Candidates must register as per 'ONE TIME REGISTRATION ' with the Official Website of Kerala Public Service Commission 'www.keralapsc.gov.in' before applying for the post. Candidates who have registered can apply by logging on to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. **Candidates who create new Profile should upload their Photograph taken within a period of 6 months**. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. .There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the printout of the application.** The application will be summarily rejected if noncompliance with the notification is found in due course of processing. Documents to prove qualification, age, Community etc. have to be produced as and when called for.

(b) If written/OMR/Online Test is conducted as part of this selection candidates shall submit a confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will given to the candidates in their respective profiles and in the mobile numbers registered in it.

(c) **Candidates who have AADHAAR card should add AADHAAR Card as ID Proof in their profile.**

**10. Last date for receipt of applications : 01.04.2026 Wednesday up to 12 midnight**

11. Address of the Website to which applications are to be sent : www.keralapsc.gov.in

12. (a) Para 2 and 6 of the General Conditions are not applicable to this post.

(b) The selection to the above concern will be subject to the rules and regulations made by them from time to time.

**13. Special Instructions to candidates:**

(a) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time; otherwise, they will not be considered for the next stage of the selection.

(b) In the case of difference in Caste/Community claimed in the application and that entered in the SSLC book, the candidate shall produce a gazette notification in this regard, along with Non- creamy layer certificate/community certificate at the time of certificate verification.

(c) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Application which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(d) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# <u>കാറ്റഗറി നമ്പർ : 05/2026 – 12/2026</u>

**<u>രണ്ടാം എൻ.സി.എ വിജ്ഞാപനം</u>**

താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള കേരള സംസ്ഥാനത്തിലെ **എസ്.ഐ.യു.സി. നാടാർ, ഈഴവ/തീയ്യ/ബില്ലവ, പട്ടിക വർഗ്ഗം (എസ്. ടി), മുസ്ലീം, ധീവര, ഒ.ബി.സി, ലാറ്റിൻ കത്തോലിക്ക്/ആംഗ്ലോ ഇന്ത്യൻ (എൽ.സി/ എ.ഐ), വിശ്വകർമ്മ** എന്നീ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺ ലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷനുശേഷം മാത്രം നല്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്.

1. **സ്ഥാപനം** : **കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
2. **ഉദ്യോഗപ്പേര്** : **പ്യൂൺ–വാച്ച്മാൻ** (കെ.എസ്.എഫ്.ഇ-യിലെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം)
3. **ശമ്പളം** : **24,500 – 42,900/-**
4. **ഒഴിവുകളുടെ എണ്ണം** : **11 (പതിനൊന്ന്)**

| **കാറ്റഗറി നം.** | **സമുദായം** | **ഒഴിവുകൾ** |
|---|---|---|
| 05/2026 | എസ്.ഐ.യു.സി. നാടാർ | 1 |
| 06/2026 | ഈഴവ/തീയ്യ/ബില്ലവ | 2 |
| 07/2026 | പട്ടിക വർഗ്ഗം (എസ്. ടി) | 2 |
| 08/2026 | മുസ്ലീം | 2 |
| 09/2026 | ധീവര | 1 |
| 10/2026 | ഒ.ബി.സി | 1 |
| 11/2026 | ലാറ്റിൻ കത്തോലിക്ക്/ആംഗ്ലോ ഇന്ത്യൻ (എൽ.സി/ എ.ഐ) | 1 |
| 12/2026 | വിശ്വകർമ്മ | 1 |

കുറിപ്പ്:

(1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽ സമുദായങ്ങൾക്കായി പ്രത്യേകം റാങ്ക് പട്ടികകൾ തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ **29.06.2024** തീയതിയിൽ നിലവിൽ വന്ന മാതൃ റാങ്ക് പട്ടികയുടെ **(കാറ്റഗറി നമ്പർ 059/2023)** കാലയളവിൽ മേൽപ്പറഞ്ഞ സംവരണ സമുദായങ്ങൾക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളതും, എന്നാൽ സമുദായത്തിൽപ്പെട്ട ഉഗ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. 30.05.2023 തീയതിയിലെ കാറ്റഗറി നമ്പർ :059/2023 വിജ്ഞാപനപ്രകാരവും, **30.04.2025 തീയതിയിലെ 047/2025 (എസ്.ഐ.യു.സി. നാടാർ), 048/2025 (ഈഴവ/തീയ്യ/ബില്ലവ), 049/2025 (പട്ടിക വർഗ്ഗം (എസ്. ടി)), 050/2025 (മുസ്ലീം), 051/2025 (ധീവര) , 052/2025 (ഒ.ബി.സി), 053/2025 (ലാറ്റിൻ കത്തോലിക്ക്/ആംഗ്ലോ ഇന്ത്യൻ (എൽ.സി/ എ.ഐ)) , 054/2025 (വിശ്വകർമ്മ)** എന്നീ കാറ്റഗറി നമ്പറുകളായി പ്രസിദ്ധീകരിച്ച ഒന്നാം എൻ. സി. എ വിജ്ഞാപനപ്രകാരവും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ. സി. എ വിജ്ഞാപനമാണിത്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമനശിപാർശ റദ്ദ് ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിൽ പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ , പാക്കർ, ഡെസ്പാച്ചർ, ഗാർഡനർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന എസ്.ഐ.യു.സി. നാടാർ, ഈഴവ/തീയ്യ/ബില്ലവ, പട്ടിക വർഗ്ഗം (എസ് ടി), മുസ്ലീം, ധീവര, ഒ.ബി.സി, ലാറ്റിൻ കത്തോലിക്ക്/ആംഗ്ലോ ഇന്ത്യൻ (എൽ.സി/എ.ഐ), വിശ്വകർമ്മ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം.) അപേക്ഷാത്തീയതിയിൽ പ്രസ്തുത സ്ഥാപനത്തിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവനം ഉണ്ടായിരിക്കണം.

**കുറിപ്പ്:-**

1. എസ്.ഐ.യു.സി. നാടാർ, ഈഴവ/തീയ്യ/ബില്ലവ, പട്ടിക വർഗ്ഗം (എസ്.ടി), മുസ്ലീം, ധീവര, ഒ.ബി.സി, ലാറ്റിൻ കത്തോലിക്ക്/ആംഗ്ലോ ഇന്ത്യൻ (എൽ.സി/ എ.ഐ), വിശ്വകർമ്മ വിഭാഗങ്ങളിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.

2. നിശ്ചിത യോഗ്യതയുള്ള പാർട്ട് ടൈം സ്വീപ്പർ കം സ്കാവഞ്ചർ, ഗാർഡനർ, പാക്കർ, ഡെസ്പാച്ചർമാരുടെ അഭാവത്തിൽ ടി ഒഴിവുകൾ പൊതു ഉദ്യോഗാർത്ഥികളിൽ (ഓപ്പൺ മാർക്കറ്റ്) നിന്നും നികത്തുന്നതാണ്.

3. ഈ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ നടത്തുന്നത് സംവരണ തത്ത്വങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

**6. പ്രായപരിധി** : 18-50, ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2008 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾ ബാധകമല്ല.

**7. യോഗ്യതകൾ** : (1) ആറാം ക്ലാസ് (പുതിയത്) വിജയം അല്ലെങ്കിൽ തത്തുല്യം.

(2) അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ മേൽ പറഞ്ഞ സ്ഥാപനത്തിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.

[23/03/1992 തീയതിയിലെ 4333 റഫറൻസ് നമ്പറിലുള്ള കെ.എസ്.എഫ്.ഇ റിക്രൂട്ട്മെന്റ് റൂൾസ് ഭേദഗതി.]

**കുറിപ്പ്:**

(1) കെ.എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II വിലെ റൂൾ 10(a) ii ബാധകമാണ്.

(2) "ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, റിക്രൂട്ട്മെന്റ് റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്."

സർവീസ് സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം

**സർവീസ് സർട്ടിഫിക്കറ്റ്**

(1) ഉദ്യോഗാർത്ഥിയുടെ പേര് :

(2) ഇപ്പോൾ ഉദ്യോഗാർത്ഥി ജോലി ചെയ്യുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും :

(3) ഇപ്പോൾ ജോലി ചെയ്യുന്ന കെ.എസ്.എഫ്.ഇ. ശാഖയുടെ പേര് :

(4) ഉദ്യോഗാർത്ഥി ഏത് സർവ്വീസിൽപ്പെടുന്നു എന്ന് :

(5) സർവീസ് തുടങ്ങിയ തീയതി :

(6) സർവീസ് വിശദാംശങ്ങൾ :

| ക്രമനമ്പർ | വഹിച്ച തസ്തിക | കാലം | | ദൈർഘ്യം | | |
|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം |
| | | | | | | |
| ആകെ സർവീസ് | | | | | | |

ശ്രീ/ശ്രീമതി ......................................................... സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും ആയവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

സ്ഥലം: ഒപ്പ്:
തീയതി: ആഫീസ് തലവന്റെ പേര്:
ഉദ്യോഗപ്പേര്:

(ഓഫീസ് മുദ്ര)

**8. പ്രൊബേഷൻ :** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്ന ഏതൊരാളും ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

(a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.Keralapsc.gov.in വഴി **'ഒറ്റത്തവണ രജിസ്ട്രേഷൻ'** പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'apply now' ൽ മാത്രം click ചെയ്യേണ്ടതാണ്. upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. **എന്നാൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല.അപേക്ഷ ഫീസ് നൽകേണ്ടതില്ല. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല.**ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link–ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം , വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് **എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്.** അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് Download ചെയ്യുന്നതിനുള്ള സൗകര്യം **പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്.** പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(സി) **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

10. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **01.04.2026 ബുധനാഴ്ച** അർദ്ധ രാത്രി 12 മണി വരെ

11. അപേക്ഷ അയയ്ക്കേണ്ട വെബ് സൈറ്റ് മേൽവിലാസം : www.keralapsc.gov.in

12. (a) പൊതുവ്യവസ്ഥകളിലെ 2,6 ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

    (b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

**13. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :**

(a) തെരെഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

(b) ഉദ്യോഗാർത്ഥി, അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(c) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(d) "വിദ്യാഭ്യാസം , പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽ പ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ് "

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ